നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/ എ.ആർ.12(1)/13/ഉഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

കപ്പൽ നിർമ്മാണശാല

17 (*467) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ ഡയറക്ടറുടെ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കപ്പൽ നിർമ്മാണശാല എവിടെ പ്രവർത്തിക്കണമെന്നാണ് പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ കപ്പൽ നിർമ്മാണശാലയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ;

(ഡി) കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ&ബി) സംസ്ഥാനത്ത് കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(സി) കേരളത്തിൽ കപ്പൽ നിർമ്മാണശാലയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

(ഡി) ഇന്ത്യയിലെ പടിഞ്ഞാറൻ തീരത്ത് രാജ്യാന്തര കപ്പൽശാല നിർമ്മാണത്തിനായി 13-12-2007-ൽ പൂവാർ അനുയോജ്യ സ്ഥലമാണെന്ന ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പൂവാറിൽ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് വേണ്ടിവരുന്ന ഭാരിച്ച ചെലവ് കണക്കിലെടുത്ത് കപ്പൽ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണശാലയ്ക്ക് പൂവാറിന് പകരം വിഴിഞ്ഞം പരിഗണിക്കാവുന്നതാണെന്ന് 29-4-2010-ൽ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. നെയ്യാർ കടലുമായി ചേരുന്ന ഭാഗമാണ് പൂവാർ എന്നതിനാൽ 'സിൽറ്റേഷൻ' സാദ്ധ്യത ഏറെയാണെന്നും ഗണ്യമായ രീതിയിൽ ഡ്രഡ്ജിംഗ് അനിവാര്യമാകുമെന്നും കൂടി അറിയിച്ചിരുന്നു.

കൂടാതെ മേജർ പോർട്ട് കം ഷിപ് ബിൽഡിംഗ് യാർഡ് അഴീക്കലിൽ സ്ഥാപിക്കുന്നതിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് സ്ഥലപരിശോധന നടത്തുകയും ടി കമ്മിറ്റി 2012 ഏപ്രിൽ 11-ന് അഴീക്കൽ തുറമുഖം സന്ദർശിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരും തുടർന്നുള്ള ഘട്ടങ്ങളിൽ ഫീസിബിലിറ്റിക്കനുസൃതമായി ടി തുറമുഖം വികസിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് തീരുമാനമെടുക്കാവുന്നതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് പുതുതായി കപ്പൽ നിർമ്മാണ കേന്ദ്ര സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിലേയ്ക്കായി വിഴിഞ്ഞം, പൂവാർ, അഴീക്കൽ എന്നീ മൂന്ന് സ്ഥലങ്ങളിൽ കൊച്ചിൻ ഷിപ്പ്യാർഡ് പഠനം നടത്തി താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിക്കുകയുണ്ടായി.

i. <u>വിഴിഞ്ഞം:</u> വിഴിഞ്ഞം തുറമുഖത്ത് ഇപ്പോൾ ഒരു അന്താരാഷ്ട്ര തുറമുഖം വികസിപ്പിക്കുന്നതിന്റെ കൂടെ ഒരു ഷിപ്പ്യാർഡും സംയോജിപ്പിക്കുകയാണെങ്കിൽ ഉചിതമായിരിക്കും. പുലിമുട്ട്, റെയിൽ/റോഡ് എന്നീ അടിസ്ഥാന സൗകര്യം പങ്കിടുന്നതുമൂലം സാമ്പത്തികലാഭം നേടാവുന്നതാണ്.

ii. <u>പൂവാർ:</u> അന്താരാഷ്ട്ര കപ്പൽ ചാനൽ അടുത്തായതിനാലും ആവശ്യത്തിനുള്ള ആഴം വളരെ അടുത്തുതന്നെ ലഭ്യമായതിനാലും പൂവാർ ഒരു കപ്പൽ നിർമ്മാണശാലയ്ക്ക് അനുയോജ്യമായ സ്ഥലമാണ്. എന്നാൽ പൂവാർ ഒരു വെറും ഷിപ്പ്യാർഡ് മാത്രമായി വികസിപ്പിച്ചാൽ പുലിമുട്ട്, റെയിൽ/റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി വളരെയധികം പ്രാരംഭ ചെലവുകൾ വേണ്ടിവരും.

iii. <u>അഴീക്കൽ:</u> കേരള സർക്കാരിന്റെ തുറമുഖ നയത്തിന്റെ ഭാഗമായി അഴീക്കൽ ഒരു കപ്പൽ നിർമ്മാണ/അറ്റകുറ്റപ്പണിശാല സ്ഥാപിക്കുന്നതിന് കേരള തുറമുഖ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അന്താരാഷ്ട്ര കപ്പൽ ചാനലിൽ നിന്ന് വളരെ അകലെയാണ് ഇത് എന്ന കാര്യവും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ കേരളത്തിൽ ഒരു കപ്പൽ നിർമ്മാണശാലയ്ക്കനുയോജ്യമായ സ്ഥലങ്ങൾ കൊച്ചി ഷിപ്പ്യാർഡിന്റെ റിപ്പോർട്ട് പ്രകാരം മുൻഗണനാ ക്രമത്തിൽ 1. വിഴിഞ്ഞം, 2. പൂവാർ, 3. അഴീക്കൽ എന്നിങ്ങനെയാണ്.

ഷിപ്പ്യാർഡ് ഒരുക്കുന്നതിന് ഒന്നര കിലോമീറ്റർ വാട്ടർ ഫ്രണ്ടോടുകൂടിയ 100 ഏക്കർ സ്ഥലവും മറ്റ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ, ഇലക്ട്രിസിറ്റി, വാട്ടർ എന്നിവയും സംസ്ഥാന സർക്കാർ നൽകണമെന്നും ശിപാർശ ചെയ്തിരുന്നു. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയതിനുശേഷം കപ്പൽ നിർമ്മാണശാല പദ്ധതിയുമായി മുന്നോട്ട് പോകുന്നതായിരിക്കും ഉചിതം എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം

18 (*468) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly